No.CEE/4050/2016/KEAM-2017/TA1

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# വിജ്ഞാപനം

## 2017 ലെ എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലെ NRI ക്വാട്ടാ സീറ്റുകളിലേയ്ക്കുള്ള പ്രവേശനം സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ

2017-18 അദ്ധ്യയന വർഷം കേരളത്തിലെ എം.ബി.ബി.എസ്, ബി.ഡി.എസ് ഉൾപ്പെടെയുള്ള മെഡിക്കൽ കോഴ്സുകളിലേയ്ക്കും, അഗ്രികൾച്ചർ, ഫോറസ്ട്രി, വെറ്ററിനറി, ഫിഷറീസ് എന്നീ അനുബന്ധ കോഴ്സുകളിലേയ്ക്കും സി.ബി.എസ്.ഇ ലഭ്യമാക്കുന്ന "നാഷണൽ എലിജിബിലിറ്റി–കം–എൻട്രൻസ് ടെസ്റ്റ്" (NEET-UG) 2017 സ്കോറിന്റെ അടിസ്ഥാനത്തിൽ പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റുകളിൽ നിന്നുമാണ് പ്രവേശനം നടത്തുന്നത്. 10.03.2017 ലെ കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ നിർദ്ദേശം, 11.04.2017 ലെ സംസ്ഥാന സർക്കാർ നിർദ്ദേശം, 09.05.2017 ലെ WP(C)No. 267/2017 ലെയും ബന്ധപ്പെട്ട കേസുകളിലെയും ബഹു: സുപ്രീം കോടതിയുടെ ഉത്തരവ് എന്നിവയുടെ അടിസ്ഥാനത്തിൽ കേരളത്തിലെ സ്വാശ്രയ മെഡിക്കൽ/ഡെന്റൽ കോളേജുകളിലെ എൻ.ആർ.ഐ ക്വാട്ട/മൈനോറിറ്റി ക്വാട്ട ഉൾപ്പെടെയുള്ള മുഴുവൻ എം.ബി.ബി.എസ്, ബി.ഡി.എസ് സീറ്റുകളിലെയും പ്രവേശനം സി.ബി.എസ്.ഇ ലഭ്യമാക്കുന്ന നീറ്റ് സ്കോറിന്റെ അടിസ്ഥാനത്തിൽ പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കുന്ന സംസ്ഥാന റാങ്ക് ലസ്റ്റിൽ നിന്നും പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന ഏകീകൃത കൗൺസലിംഗ് വഴിയായിരിക്കും.

സി.ബി.എസ്.ഇ നടത്തിയ "നാഷണൽ എലിജിബിലിറ്റി–കം–എൻട്രൻസ് ടെസ്റ്റ്" (NEET-UG) 2017–ൽ നിശ്ചിത യോഗ്യത നേടിയതും, **KEAM-2017**-ലൂടെ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതുമായ അപേക്ഷകരെ ഉൾപ്പെടുത്തി സംസ്ഥാന റാങ്ക് ലിസ്റ്റ് പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിക്കുന്നതാണ്. **KEAM-2017** പ്രോസ്പെക്ടസ് ക്ലോസ് 6.1 പ്രകാരമുള്ള നേറ്റിവിറ്റി നിബന്ധനകൾ പാലിക്കുന്ന അപേക്ഷകരെ മാത്രമെ എം.ബി.ബി.എസ്/ബി.ഡി.എസ് പ്രവേശനത്തിനുള്ള സംസ്ഥാന റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുകയുള്ളൂ. പ്രസ്തുത റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ വിദ്യാർത്ഥികളെയും എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലെ സർക്കാർ സീറ്റുകളിലേയ്ക്ക് അലോട്ട്മെന്റിനായി പരിഗണിക്കുന്നതാണ്. സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ/ഡെന്റൽ കോളേജുകളിലെ എൻ.ആർ.ഐ ക്വാട്ട സീറ്റുകളിലേയ്ക്ക് പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ താഴെപറയുന്ന രേഖകൾ ആവശ്യപ്പെടുന്ന മുറയ്ക്ക് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കേണ്ടതും അലോട്ട്മെന്റിനു മുൻപ് പ്രവേശന പരീക്ഷാ കമ്മീഷണർക്കു മുൻപാകെ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതുമാണ്.

1) സ്പോൺസറും വിദ്യാർത്ഥിയും തമ്മിലുള്ള ബന്ധം തെളിയിക്കുന്ന റവന്യൂ അധികാരികളിൽ നിന്നുള്ള സർട്ടിഫിക്കറ്റിന്റെ അസ്സൽ (GO(MS) No. 243/2014/H&FWD തീയതി 06.08.2014.)
2) തൊഴിൽ ദാതാവ് നൽകിയതും എംബസ്സി സാക്ഷ്യപ്പെടുത്തിയതുമായ ഓവർസീസ് എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റ്.
3) വിസ സ്റ്റാമ്പ് ചെയ്തതും എംബസ്സി സാക്ഷ്യപ്പെടുത്തിയതുമായ സ്പോൺസറുടെ പാസ്പോർട്ടിന്റെ പകർപ്പ്
4) വിദ്യാർത്ഥിയെ സ്പോൺസർ ചെയ്യുന്നതായുള്ള സ്പോൺസറുടെ സമ്മതപത്രം
5) സ്പോൺസർ ഇന്ത്യൻ പൗരൻ/ഓവർസീസ് സിറ്റിസൺ ഓഫ് ഇന്ത്യ/പേഴ്സൺ ഓഫ് ഇന്ത്യൻ ഒറിജിൻ എന്ന് തെളിയിക്കുന്നതിനുള്ള രേഖ.

സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ/ഡെന്റൽ കോളേജുകളിലെ ന്യൂനപക്ഷ ക്വാട്ട സീറ്റുകളുടെ ലഭ്യത, ന്യൂനപക്ഷ സമുദായം, ആയതിലേയ്ക്ക് സമർപ്പിക്കേണ്ടുന്ന സർട്ടിഫിക്കറ്റുകൾ/രേഖകൾ സംബന്ധിച്ച വിവരങ്ങൾ എന്നിവ പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്.

മൈനോറിറ്റി ക്വാട്ട/എൻ.ആർ.ഐ ക്വാട്ട അവകാശ വാദങ്ങൾ തെളിയിക്കുന്നതിനുള്ള കൃത്യമായ രേഖകളുടെ അഭാവത്തിൽ പ്രസ്തുത കാറ്റഗറി ലിസ്റ്റുകളിൽ ഉൾപ്പെടുത്തുകയോ, ഈ വിഭാഗത്തിൽ അലോട്ട്മെന്റിനായി പരിഗണിക്കുകയോ ചെയ്യുന്നതല്ല.

ഹെൽപ് ലൈൻ നമ്പർ : 0471 2339101, 2339102, 2339103, 2339104

തിരുവനന്തപുരം
20.06.2017

**പ്രവേശന പരീക്ഷാ കമ്മീഷണർ**